# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2476

12.03.2020-ലെ മറുപടി

**വായ്പാ കാലാവധി കഴിഞ്ഞ ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാലാവധി കഴിഞ്ഞിട്ടും കോടികൾ മുടക്കി ഓഫീസും ജീവനക്കാരെയും നിലനിർത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) & (ബി) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാലാവധി കഴിഞ്ഞ ശേഷം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാരെയെല്ലാം ഇതിനകം പുനർ വിന്യസിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്റ്റിന്റെ ഭാഗമായുള്ള തുടർ പ്രവൃത്തികൾ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിലേയ്ക്കായി, ADB പ്രോജക്റ്റിന്റെ പ്രവൃത്തികൾ നടത്തുന്നതിനായി നിയോഗിക്കപ്പെട്ട, ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള 15 സ്റ്റാഫുകൾക്ക് JICA പ്രോജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾക്കുള്ള അധിക ചുമതല കൂടി നൽകിയിട്ടുണ്ട്. |
| (ബി) | വായ്പാ കാലാവധി കഴിഞ്ഞ പ്രസ്തുത പദ്ധതിയിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാൻ നപടി സ്വീകരിക്കുമോ; | | |
| (സി) | ഈ പദ്ധതിയുടെ ഫലമായി സംസ്ഥാനത്ത് നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടോ; | (സി) | ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട, കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി 14.03.2013 ലും ചേർത്തല പദ്ധതി 03.01.2012 ലും തിരുവനന്തപുരം പദ്ധതി 18.05.2010 ലും കൊല്ലം ജില്ലയിലെ മീനാട് പദ്ധതി 24.02.2011 ലും കോഴിക്കോട് പദ്ധതി 27.02.2012 ലും കമ്മീഷൻ ചെയ്തു . |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഡി) | പൂർത്തിയാകാത്ത പദ്ധതികൾ നിലവിലുണ്ടോ; ഇവയുടെ നടത്തിപ്പ് സർക്കാർ ഏറ്റെടുക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന പണികൾ ആയ മീനാട് പദ്ധതിയിൽ ഉൾപ്പെട്ട വിതരണ ശൃംഖലയുടെ ബാക്കി പണികളും, കോഴിക്കോട് പദ്ധതിയിൽ ഉൾപ്പെട്ട വിതരണശൃംഖലയുടെ ബാക്കി പണികളും ഇപ്പോൾ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ